(ഇ) കെ.യു.ആർ.ടി.സി., കെ.എസ്.ആർ.ടി.സി.-യുടെ ഉപസ്ഥാപനമാകയാൽ കെ.യു.ആർ.ടി.സി. ബസ്സുകളിലെ യാത്രക്കാർക്കും സാമൂഹ്യസുരക്ഷാ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. ആയതിനാൽ കെ.യു.ആർ.ടി.സി. ബസ്സുകളിലും സെസ്സ് പിരിക്കുവാൻ കെ.എസ്.ആർ.ടി.സി.-ക്ക് അവകാശമുണ്ട്. എന്നാൽ ഇതുസംബന്ധിച്ച വ്യക്തമായ വകുപ്പുകൾ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നില്ല.

കെ.എസ്.ആർ.ടി.സി.-യിലെ ഡ്രൈവർമാരുടെ ഒഴിവുകൾ

300 (3122) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ എത്ര ഡ്രൈവർമാരുടെ ഒഴിവുകൾ ഉണ്ട് ;

(ബി) 23-8-2012-ൽ നിലവിൽ വന്ന കെ.എസ്.ആർ.ടി.സി. റിസർവ് ഡ്രൈവർമാരുടെ റാങ്ക് ലിസ്റ്റിൽനിന്ന് പി.എസ്.സി. എത്രപേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട് ; നിയമന ശിപാർശ നൽകിയ എത്ര പേർക്ക് കെ.എസ്. ആർ.ടി.സി. നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) നിയമനം നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വിശദീകരിക്കാമോ ;

(ഡി) നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(ഇ) നിലവിൽ കെ.എസ്.ആർ.ടി.സി.യിൽ എം-പാനൽ ഡ്രൈവർമാർ ജോലി ചെയ്യുന്നുണ്ടോ ; എങ്കിൽ ഇത്തരം ആളുകൾക്ക് പകരം പി.എസ്.സി. ലിസ്റ്റിൽനിന്ന് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ 568 ഡ്രൈവർമാരുടെ ഒഴിവുകൾ ഉണ്ട്.

(ബി&സി) റിസർവ് ഡ്രൈവർ തസ്തികയിലേക്ക് പി.എസ്.സി. അഡ്വൈസ് ചെയ്ത ലിസ്റ്റിൽ 3974 പേർ ഉണ്ടായിരുന്നു. ഇതിൽ കെ.എസ്.ആർ.ടി.സി. 3939 പേർക്ക് നിയമനം നൽകി. 35 പേരുടെ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റുകൾ പി.എസ്.സി.-യിൽനിന്നും നാളിതുവരെ ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ അവർക്ക് നിയമനം നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സ്വീകരിച്ചുവരുന്നു.

(ഇ) ഉണ്ട്. സ്ഥിരജീവനക്കാരുടെ താൽക്കാലികമായുണ്ടാകുന്ന ഒഴിവിലേക്ക് സർവ്വീസ് റദ്ദാക്കുന്നത് തടയാനായാണ് താൽക്കാലിക ഡ്രൈവർമാരെ നിയമിക്കുന്നത്. സ്ഥിരമായുള്ള ഒഴിവുകളിലേക്കല്ല താൽക്കാലിക ഡ്രൈവർമാരെ നിയമിക്കുന്നത്. ആയതിനാൽ ഇത്തരത്തിൽ ജോലി ചെയ്യുന്ന താൽക്കാലിക ഡ്രൈവർമാർക്ക് പകരം പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നടത്തുവാൻ സാധിക്കുകയില്ല.

കെ.എസ്.ആർ.ടി.സി.-യിൽ ടിക്കറ്റിന് സെസ്സ്

301 (3123) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ ടിക്കറ്റിന് സെസ് ഏർപ്പെടുത്തിയശേഷം എത്ര കോടി രൂപയാണ് മാസം അധികമായി ലഭിച്ചത് ;

(ബി) എത്ര കോടി രൂപയാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) സെസ് ഏർപ്പെടുത്തിയതിനുശേഷം യാത്രക്കാരുടെ എണ്ണത്തിൽ കുറവുണ്ടായതായി കരുതുന്നുണ്ടോ ; എങ്കിൽ മുൻപുണ്ടായതിൽനിന്നും എത്ര ശതമാനം കുറഞ്ഞുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതു പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ സാമൂഹ്യസുരക്ഷാസെസ്സ് ഏർപ്പെടുത്തിയശേഷം ഏപ്രിൽ 2015-ൽ സെസ്സിനത്തിൽ 5,15,56,827 രൂപയും മേയ് 2015-ൽ 5,80,04,163 രൂപയും ജൂൺ 2015-ൽ 5,16,74,413 രൂപയും ലഭിച്ചു.

(ബി) പ്രതിവർഷം 161 കോടി രൂപ സമാഹരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി&ഡി) സെസ്സ് ഏർപ്പെടുത്തിയതിനുശേഷം യാത്രക്കാരുടെ എണ്ണത്തിൽ കുറവുണ്ടായതായി കണക്കാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly